## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 64 — 11.6.2012 ൽ മറുപടിയ്ക്ക്

### ദുരിതാശ്വാസ നിധി വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ

ചോദ്യം — ഉത്തരം

ശ്രീ. എസ്. രാജേന്ദ്രൻ — ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | 11.4.2012 ലെ സ.ഉ.(എം.എസ്) നം : 144/12/റവ. പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ 18.5.2011 മുതൽ മുൻകാല പ്രാബല്യത്തോടെ വരുത്തി ഉത്തരവായിട്ടുണ്ട്.<br>1) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള പരമാവധി വാർഷിക വരുമാന പരിധി ഇപ്പോഴുള്ള ഇരുപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തുന്നു.<br>2) ചികിത്സയ്ക്കായി ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെ പതിനായിരം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | 3) പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്കും പതിനായിരം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്.<br>4) സാധാരണ സാഹചര്യങ്ങളിൽ പതിനായിരം രൂപയ്ക്ക് മുകളിലുള്ള ധനസഹായം അതാത് ജില്ലാ കളക്ടർ മാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമെ അനുവദിക്കുവാൻ പാടുള്ളൂ.<br>5) മരണം സംഭവിച്ച ദുരന്ത പൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്.<br>6) ഒരു ലക്ഷത്തിന് മുകളിൽ ധനസഹായം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അനുമതി തേടേണ്ടതാണ്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ ? | (ബി) | ഇനി ഉടനെ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല. |

Vanajam

സെക്ഷൻ ഓഫീസർ